**19U232** (Pages: 2) Name.......................

Reg No.......................

**SECOND SEMESTER B.Com./B.B.A.DEGREE EXAMINATION, APRIL 2020**

(CBCSS – UG)

**CC19U MAL2 A08(2) – മലയാളസാഹിത്യപഠനം II**

(Malayalam - Common Course)

(2019 Admission - Regular)

Time: 2 ½ Hours Maximum: 80 Marks

Credit: 4

I. **ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.**

1. കൈരളി പാട്ടവഹീനയെന്ന് പറയാൻ ആർക്കും കഴിയില്ലെന്ന് വള്ളത്തോൾ തെളിയിക്കുന്നതെങ്ങനെ?
2. "മഴുവിന്റെ കഥ" എന്ന തലക്കെട്ടിലൂടെ പരാമർശിതമാകുന്ന പുരാവൃത്ത സൂചനയെന്ത്?
3. "കാലമിനിയുമുരുളും വിഷുവരും വർഷംവരും തിരുവോണംവരും..." ആശയമെന്ത്?
4. "ഞാൻ ഈ ഏർപ്പാട് നിർത്താൻ പോകുകയാണ്. എന്റെ ബംഗ്ലാവ് ഞാൻ വിൽക്കാൻ വിചാരിക്കുന്നു" - ഇങ്ങനെ പറയാൻ ഗീവറീദിന് തോന്നിയതെന്തു കൊണ്ട്?
5. "അക്കാലം ദുഷ്യന്തൻ മാഷിന്റെ നേഷൻ-സ്റ്റേറ്റിൽ ജാതിമതഭേദമുണ്ടായിരുന്നില്ല" എന്നുപറയാൻ കാരണമെന്ത്?
6. "പച്ചമരുന്നിന്റെ അടരുകൾക്ക് താഴെ ശൂന്യമായ ഒരിടം! കൊയ്ത്തൊഴിഞ്ഞ പാടംപോലെ പരന്ന് ഫലശൂന്യമായ ഒരിടം" - സന്ദർഭമെന്ത്?
7. കരുണാകരൻ തന്റെ കള്ളുഷാപ്പിൽനിന്ന് ഗുരുവിന്റെ ഫോട്ടോ എടുത്തു മാറ്റാനുണ്ടായ സാഹചര്യമെന്ത്?
8. "ഭരിക്കുന്ന സുഖം നിനക്കും ഭരിക്കപ്പെടാത്ത സുഖം അവർക്കും ഉണ്ടാകട്ടെ" - ആശയമെന്ത്?
9. "ആ അനിഷ്ടത്തെ നേരിടാൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എന്താണ് ചെയ്യാനുണ്ടായിരുന്നത്" -എന്തായിരുന്നു അനിഷ്ടങ്ങൾ?
10. അഹ്റോൻ ബോംബയിലേക്ക് എത്തിച്ചേരുന്നതിന്റെ സാഹചര്യമെന്ത്?
11. "ഇപ്പോ സ്വാർത്ഥം പഠിച്ച കുട്ടിക്കല്ലേ പാവക്കുട്ടിയെ കിട്ടിയത്" - ശങ്കരൻ ഇങ്ങനെ പറയാൻ കാരണമെന്ത്?
12. പരശുരാമൻ മാതൃഹന്താവാകാനുള്ള സന്ദർഭമെന്ത്?
13. "ദുഷ്യന്തൻ മാഷ്" എന്ന ശീർഷകത്തിന്റെ ഔചിത്യമെന്ത്?
14. കമലയെ കാണാൻകഴിയാഞ്ഞാൽ ഞാൻ വ്യസനിക്കുമെന്ന് അമ്മമ്മ പറഞ്ഞതിന്റെ പശ്ചാത്തലമെന്ത്?

15. "കുമാര ആജ്ഞ എന്റേതായിക്കൊള്ളട്ടെ.

നാം മൂവരും കാട്ടിലേക്ക് പുറപ്പെടുകയുണ്ടായി" സീത ഇങ്ങനെ പറയുന്നത് ഏത് സന്ദർഭത്തിലാണ്?

**(പരമാവധി – 25 മാർക്ക്)**

**II. ഒന്നര പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. അഞ്ചുമാർക്കുവീതമുള്ള 8 ചോദ്യങ്ങൾ**

16. "എത്ര ചവർപ്പു കുടിച്ചു വറ്റിച്ചു നാം

ഇത്തിരിശാന്തിതൻ ശർക്കര നുണയുവാൻ" – വ്യാഖ്യാനിക്കുക.

17. വള്ളത്തോളിന്റെ "എന്റെ ഭാഷ" എന്ന കവിതയുടെ കാലികപ്രസക്തി പരിശോധിക്കുക.

18. "ദലിതനോടും സ്ത്രീയോടുമുള്ള അനീതിക്കെതിരെയുള്ള ഇരയുടെ രോഷവും പ്രതിഷേധവുമാണ് തായ്കുലം" – പരിശോധിക്കുക.

19. "ഡ്രെസ്സിങ്ങ് ടേബിൾ നിറയുന്ന സോമിയെ തണുപ്പോടെ നോക്കി. അവൾ അതേ മട്ടിൽ തിരിച്ചും, ആശയം വിശദമായികഴിഞ്ഞു" – ഇവിടെ വിശദമായ ആശയമെന്ത്?

20. വി. കെ. എന്നിന്റെ രൂക്ഷഹാസ്യത്തിന് ഏറ്റവും നല്ല ഉദാഹരണമാണ് 'ദുഷ്യന്തൻ മാഷ്' – സമർത്ഥിക്കുക.

21. "ബുദ്ധിയില്ലാത്തകുട്ടി യാചിച്ചാലും നിനക്കുരക്ഷയില്ല. നീ ഭരതന്റെ മാതാവായിപ്പോയി. കിരീടാവകാശിയായ ഭരതനിൽ രാമനെന്നും പ്രീതനായിരിക്കും", കൈകേയിയോട് ഇങ്ങനെ പറയുന്നതാര്? ഏത് സാഹചര്യത്തിൽ? വിശദമാക്കുക.

22. ഇ.എം.എസ് നമ്പൂതിരിപ്പാടിനെ ഒരു സന്ദേശിയായി അടയാളപ്പെടുത്താൻ കഴിയില്ല എന്ന് ലേഖകൻ പറയുന്നതെന്തുകൊണ്ട്?

23. മിസ് അഹറോനുമായുള്ള കൂടിക്കാഴ്ച ലേഖകൻ വിവരിക്കുന്നതെങ്ങനെ?

**(പരമാവധി – 35 മാർക്ക്)**

**III. ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക.**

24. കക്കാടിന്റെ ജീവിതദർശനം '*സഫലമീയാത്ര*'യെ മുൻനിർത്തി വിലയിരുത്തുക.

25. സമകാലീന കേരളീയസമൂഹത്തിന്റെ യഥാർത്ഥ ചിത്രീകരണമാണ് '*മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ*' – സമർത്ഥിക്കുക.

26. പുരാണ പ്രഖ്യാതമായ ദശരഥദു:ഖത്തെ സാകേതകർത്താവ് കൈകാര്യം ചെയ്തതിലെ സവിശേഷതകൾ എന്തെല്ലാം?

27. "പ്രണയത്തിന്റെ സാർവലൗകികഭാവം '*ഷാരോണിലെ റോസാപ്പൂക്കൾ*' എന്ന ഓർമക്കുറിപ്പിൽ അന്തർലീനമായിട്ടുണ്ട്"." – നിരീക്ഷിക്കുക.

**(2 x 10 = 20 മാർക്ക്)**

*******